**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5645** | **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുള്ള പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് വകുപ്പ് സംസ്ഥാനത്ത് നടത്തുന്ന പരിശോധനകളിൽ ഉദ്യോഗസ്ഥക്ഷാമം മൂലം കുറവ് വന്നിട്ടുണ്ടോ; മതിയായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണോ; വിശദമാക്കുമോ; | (എ) | നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായും ഉപയോഗപ്പെടുത്തി പരമാവധി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | മെഡിക്കൽ പരിശോധന നടത്തി ഹെൽത്ത് സർട്ടിഫിക്കറ്റ് ലഭിച്ച ജീവനക്കാരെയാണ് ഹോട്ടൽ ജോലിക്ക് നിയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ നിലവിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ; | (ബി) | നിലവിൽ ദൈനംദിന പരിശോധനയുടെ ഭാഗമായും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചുള്ള പരിശോധനകളിലും ഹെൽത്ത് സർട്ടിഫിക്കറ്റ് ലഭിച്ച ജീവനക്കാരെയാണ് ഹോട്ടൽ ജോലിക്കു നിയോഗിക്കുന്നതെന്ന് ഉറപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി രൂപീകരിച്ച സ്ക്വാഡ് നടത്തിയ പരിശോധനയിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന ഭൂരിപക്ഷം വ്യക്തികളും valid medical certificate കരസ്ഥമാക്കിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള ജീവനക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുള്ള കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. തുടർപരിശോധനകളിൽ ആയത് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | വിനോദസഞ്ചാരമേഖലയിലും മറ്റും വൈകുന്നേരം മാത്രം പ്രവർത്തിക്കുന്ന ആഹാരവിൽപ്പന കേന്ദ്രങ്ങളിൽ മതിയായ പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിനോദ സഞ്ചാര മേഖലയിലും മറ്റും വൈകുന്നേരം മാത്രം പ്രവർത്തിക്കുന്ന ആഹാര വില്പന കേന്ദ്രങ്ങളിലും തട്ടുകടകളിലും രാത്രികാല പരിശോധനയുടെ ഭാഗമായി കർശനമായ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. Onam, Christmas, New Year Squad-കളും പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ